18A

**MS – 167**

18A

**IV Semester B.A./B.Sc./B.Com./B.C.A./B.Sc. (FAD)**
**Examination, May 2016**
**(Repeaters) (2011-12 and Onwards)**
**MALAYALAM LANGUAGE – IV**

Time : 3 Hours | Max. Marks : 100/90

*Instructions:* 1) ***100*** *Marks –* ***2012-13*** *and* ***Onwards***.
2) ***90*** *Marks – Prior to* ***2012-13***.
3) *Q. No.* ***VII*** *is* ***compulsory*** *for freshers* ***only***.

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിക്കുക. **(4×5=20)**

1) ഒരു പൈതലിൻ കയ്യിൽക്കിട്ടിയ തീപോലതു
പരസൈന്യത്തെച്ചുട്ടു കരിച്ചു

2) ദുർമ്മുഖം കാണേണ്ടെനിക്കോതി ദേശികൻ
ദുർമ്മൃതിഘോരഗ്രഹണമാം ശാപമായ്

3) പ്രിയങ്കരന്മാരേ നേരം പോയ് അതെല്ലാം ഞങ്ങളുടെ
പിറകേ വരും വിദഗ്ധർ ചെയ്തുകൊള്ളട്ടെ

4) തേനാട്ടേ, തേനിനു കയ്പണച്ചൊഴുകീടും
നീരാട്ടെ, ധാരാളമാം

5) നീ വരു രാഗവിവശം സരിത്തുപോൽ
നീ വരു ദുഃഖമായ്, നീ വരൂ, ശക്തിയായ്

II. a) ഏതെങ്കിലും **രണ്ടെണ്ണത്തിന്** ഉത്തരമെഴുതുക (**ഒന്നര** പേജിൽ). **(2×6=12)**

1) 'മഴുവിന്റെ കഥ' എന്ന കവിതയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

2) മാറിമാറി വരുന്ന രാഷ്ട്രീയ ഭരണാധികാരികളെ പരിഹസിച്ചു കൊണ്ട് എഴുതിയ കവിതയാണ് "ഹിമാലയൻ പണയം" – സമർത്ഥിക്കുക.

3) വനനശീകരണം കൊണ്ടുണ്ടാകുന്ന ദോഷങ്ങൾ എന്തെല്ലാം ?

**P.T.O.**

b) ഏതെങ്കിലും **രണ്ടെണ്ണത്തി**ന് ഉത്തരം എഴുതുക (**ഒന്നര** പുറത്തിൽ കവിയാതെ). **(2×6=12)**

1) 'സർദാർജി' എന്ന കഥാപാത്രം.

2) വിമലയുടെ പിതാവിന്റെ മരണത്തെ വിമല എങ്ങനെ നേരിട്ടു. വിശദമാക്കുക.

3) 'രശ്മി വാജ്പേയി' ഇന്നത്തെ യുവതലമുറയുടെ പ്രതിനിധിയാണ്.
– സമർത്ഥിക്കുക.

III. ഏതെങ്കിലും **ഒന്നി**ന് ഉത്തരമെഴുതുക (**മൂന്ന്** പുറത്തിൽ കവിയാതെ). **(1×15=15)**

1) ഇന്ത്യൻ രാഷ്ട്രീയാവസ്ഥയെ ബാധിച്ച നിർവ്വികാരതയും നിരാശ ബോധവും ''ശാന്ത'' എന്ന കവിതയിൽ എങ്ങനെയെല്ലാം പ്രതിഫലിക്കുന്നു ?

2) ഒക്കില്ലൊരിക്കലും, മേലിലെനിക്കിനി –
യിക്കളി വട്ടത്തിലൊത്തു കളിക്കുവാൻ – കളിയച്ഛന്റെ ഈ ചിന്തയ്ക്ക് കാരണം എന്ത് ?

IV. ഏതെങ്കിലും **ഒന്നി**ന് ഉത്തരമെഴുതുക (**മൂന്ന്** പുറത്തിൽ കവിയാതെ). **(1×15=15)**

1) ബുദ്ധുവിന്റെ കാത്തിരിപ്പിന് നിങ്ങൾ കാണുന്ന അന്ത്യം എന്ത് ?

2) കുട്ടിക്കാലത്തെക്കുറിച്ചുള്ള വിമലയുടെ സ്മരണകൾ എന്തെല്ലാം ?

V. **ഒന്നിന്റെ** ആശയം വിശദമാക്കുക. **4**

1) വിത്തമെന്തിനു മർത്ത്യർക്ക്
വിദ്യകൈവശമുണ്ടെങ്കിൽ

2) മുറ്റത്തെ മുല്ലക്ക് മണമില്ല.

VI. **ഒരു** വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക. **12**

1) ആഗോളതാപനം

2) ജനാധിപത്യം.

VII. **മൂന്നിലൊന്നായി** സംഗ്രഹിക്കുക. **10**

കുട്ടിക്കാലത്ത് എടുത്തു പറയത്തക്ക കഴിവുകളൊന്നും ലിയോടോൾസ്റ്റോയ് പ്രത്യക്ഷമായി കണ്ടിരുന്നില്ല. നിബന്ധനകളുമായി പൊരുത്തപ്പെട്ടു പോകുവാൻ വയ്യാത്ത മനസ്സായിരുന്നു ആദ്യ കാലം മുതല്ക്കു തന്നെ അദ്ദേഹത്തിന് ഉണ്ടായിരുന്നത്. എളുപ്പം വികാരാധീനനായിതീരും. മരണത്തിന്റെ ചെന്നായ പടിക്കൽ കാത്തിരിപ്പുണ്ടെന്നും ഭാവിയെക്കുറിച്ചു ചിന്തിക്കാതെ വർത്തമാന കാലത്തെ അനുഭവിക്കുകയാണ് വേണ്ടതെന്നും ഒരു 'തോന്നൽ' നന്നെ ചെറുപ്പം മുതല്ക്കേ പിടികൂടിയിരുന്നതായി 'ശൈശവം' എന്ന കൃതിയിൽ അദ്ദേഹം വിവരിക്കുന്നു. മൂന്നുവയസ്സു പ്രായമായപ്പോൾ അമ്മ മരിച്ചു. വീണ്ടും നാലുവർഷം കൂടി കഴിഞ്ഞപ്പോൾ അച്ഛനും നഷ്ടപ്പെട്ടു. പഠനസമയം കഴിഞ്ഞാൽ കായികാധ്വാനത്തിൽ മുഴുകുകയായിരുന്നു അദ്ദേഹം.

---